പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2787

14/12/2015-ലെ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗത്തിലെ ക്ഷേമ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ എം. എൽ. എ<br>ശ്രീ. വി.പി. സജീന്ദ്രൻ, എം. എൽ. എ<br>ശ്രീ. സി. പി. മുഹമ്മദ് , എം. എൽ. എ<br>ശ്രീ. സണ്ണി ജോസഫ്,എം. എൽ. എ | | **ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ വികസന പദ്ധതികൾ എന്തെല്ലാം; | (എ) & (ബി) | നഴ്സറി തലം മുതൽ Ph.Dഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കു വരെ വകുപ്പുതലത്തിൽ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നു. നഴ്സറി സ്കൂളുകളിൽ Feeding Charge, Uniform Charge, Lump sum grant എന്നിവ നൽകി വരുന്നു. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിനു പുറമേ ' പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് ' എന്ന പേരിൽ 2014 - 15 മുതൽ 2000 രൂപ നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. ലംപ്സം ഗ്രാന്റിനുപുറമേ 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സി.എസ്.എസ്. സ്കോളർഷിപ്പ്, 9 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് up gradation of merit - C.S.S -എന്നീപദ്ധതികളും നടപ്പാക്കി വരുന്നു.<br>MBBS, BDS, B.Tech വിദ്യാർത്ഥികൾക്ക് Initial Expenditure അധ്യയന വർഷാരംഭത്തിൽ നൽകുന്നു. B.Tech, M.Tech, MCA വിദ്യാർത്ഥികൾക്ക് Laptop വാങ്ങുന്നതിനുള്ള ധനസഹായം, MBBS ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് stethoscope വാങ്ങുന്നതിനുള്ള ധനസഹായം എന്നിവയും വകുപ്പു നടപ്പാക്കി വരുന്ന പദ്ധതികളാണ്. സംസ്ഥാനത്തിന് പുറത്തും വിദേശത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു.<br>വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് (1 മുതൽ 10 വരെ) സി.എസ്.എസ്. പദ്ധതി പ്രകാരം വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.<br>4, 7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസുവരെ പ്രതിവർഷം 4500/- രൂപ വീതം അനുവദിക്കുന്ന അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്. , SSLC+2, TTC, Diploma, Degree,PG, |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| | | | Professional Course എന്നിവയിൽ മികച്ച വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന പദ്ധതി, Medical/ Engineering എൻട്രൻസ് കോച്ചിംഗ് നൽകുന്നതിനായുള്ള Vision 2013 പദ്ധതി ഇവയും വകുപ്പു നട പ്പാക്കി വരുന്നു.<br>Sports -ൽ മികവു കാണിക്കുന്ന വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസു മുതൽ പ്രവേശനം നൽകുന്നതിനായി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ: മോഡൽ റസിഡൻഷ്യൽ സ്കൂൾ വകുപ്പിന്റെ കീഴിൽ വെള്ളായണിയിൽ പ്രവർത്തിച്ചു വരുന്നു.<br>പട്ടികജാതിയിൽപ്പെട്ട 100 വിദ്യാർത്ഥി കൾക്ക് പ്രവേശനം നൽകി 2014-15 വർഷം പ്രവർത്തനമാരംഭിച്ച വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് പാലക്കാട് ജില്ലയിലാണ് വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കു ന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലക ളിലായി 4 Pre Examination Training Centers പ്രവർത്തിച്ചു വരുന്നു.<br>5-ാം ക്ലാസു മുതലുള്ള വിദ്യാർത്ഥിക ൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന തിനായി 9 മോഡൽ റസിഡൻഷ്യൽ സ്കൂളു കൾ പ്രവർത്തിച്ചു വരുന്നു.<br>അഖിലേന്ത്യാ സർവ്വീസുകളിലേക്കുള്ള മത്സര പരീക്ഷക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി I-CETS പ്രവർത്തിച്ചു വരു ന്നു.<br>പ്രീമെട്രിക് / പോസ്റ്റ് മെട്രിക് വിദ്യാർത്ഥി കൾക്കായി 87 പ്രീ മെട്രിക് ഹോസ്റ്റലുകളും 18 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കു ന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണത ലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി മാർഗ്ഗ രേഖപ്രകാരം തുടർന്ന് വരുന്ന പദ്ധതികൾക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഭരണാനുമതി ഉത്തരവ് ആവശ്യമുള്ള പദ്ധതികൾക്ക് അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

Sali KJ

**സെക്ഷൻ ഓഫീസർ**